"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - തിരുവനന്തപുരം നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 12.08.2022 തീയതിയിൽ മരണപ്പെട്ട കെ.ഗോപിയുടെ മകൻ ശ്രീ.ദീപു ജി- സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നൽന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.29/2025/LSGD തീയതി,തിരുവനന്തപുരം, 12-02-2025

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം.5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. 14.07.2023 ലെ സ.ഉ.(പി) നം.12/2023/ഉഭപവ നമ്പർ ഉത്തരവ്
4. ശ്രീ.ദീപു ജി. സമർപ്പിച്ച 30.06.2023 തീയതിയിലെ ആശ്രിതനിയമന അപേക്ഷ
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.03.2024 തീയതിയിലെ LSGD/PD/6219/2024-DEF7 നമ്പർ കത്ത്
6. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28.1.2025 തീയതിയിലെ DCTVM/3613/2024-S6 -നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 12.08.2022 തീയതിയിൽ മരണപ്പെട്ട കെ.ഗോപിയുടെ മകൻ ശ്രീ.ദീപു ജി (കിഴക്കുകര, കവലോട്ട്കോണം,പെരുങ്കാവ് പി.ഒ, വിളവൂർക്കൽ തിരുവനന്തപുരം 695573) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.കെ.ഗോപി-യുടെ സേവനകാലം 38വർഷവും 02 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി 01.01.1964 സർവീസിൽ പ്രവേശിച്ച തീയതി 10.08.1984 എന്നിങ്ങനെയാണ്. പ്രിൻസിപ്പൽ ഡയറക്ടറും, തിരുവനന്തപുരം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് പരാമർശം 5,6 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ.ദീപു ജി-യുടെ വിദ്യാഭ്യാസയോഗ്യത 9ാം ക്ലാസ്സും, ടിയാന്റെ ജനന തീയതി 04.05.1985 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ സമർപ്പിച്ചുണ്ട്. ഈ ജോലിക്കായി ശ്രീ.കെ.ഗോപി-യുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമാണെന്ന് മറ്റെല്ലാ അവകാശികളും

സമ്മതപത്രം നൽകിയിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം ₹2,40,000/-(രണ്ട് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം)/- ആണെന്ന് വിളവൂർക്കൽ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ വിവാഹിതനാണ്. ടിയാൻ പിതാവിന്റെ ആശ്രിതനായിരുന്നുവെന്ന് വിളവൂർക്കൽ വില്ലേജ് ഓഫീസർ സാക്ഷ് പ്പെടുത്തിയിട്ടുണ്ട്. പരാമർശം(2) പ്രകാരമുള്ള ആശ്രിതരെ സംരക്ഷിച്ച് കൊള്ളാമെന്നുള്ള സമ്മതപത്രവും, ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം(3) ലെ ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനായുള്ള സമ്മതപത്രവും അപേക്ഷകൻ ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 12.08.2022 തീയതിയിൽ മരണപ്പെട്ട കെ.ഗോപിയുടെ മകൻ ശ്രീ.ദീപു.ജി-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. പ്രിൻസിപ്പൽ ഡയറക്ടർ/ബന്ധപ്പെട്ട നഗരസഭാസെക്രട്ടറി ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും, ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഞ്ജലിദേവി എ ജി

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ,തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള, തൃശ്ശൂർ
ശ്രീ.ദീപു ജി(കിഴക്കുകര, കവലോട്ടുകോണം,പെരുങ്കാവ് പി.ഒ, വിളവൂർക്കൽ തിരുവനന്തപുരം 695573)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 13-02-2025 10:40:31

സെക്ഷൻ ഓഫീസർ